6879
16/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരുടെ പ്രതിമാസ റിവ്യൂ മീറ്റിംഗ് കൂടുന്നതിന് ആവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം .** 331/2015/സാനീവ **തീയതി, തിരുവനന്തപുരം,** 05.06.2015

---

**പരാമർശം :** (1) സാമൂഹ്യനീതി ഡയറക്ടറുടെ 20.04.2015 - ലെ ഐസിഡിഎസ്.എ4 - 7830/15 നമ്പർ കത്ത്.

(2) 16.05.2015 - ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംയോജിത ശിശു വികസന സേവന പദ്ധതിയിലെ 33115 അങ്കണവാടി വർക്കർ, 32986 അങ്കണവാടി ഹെൽപ്പർ, 1305 സൂപ്പർവൈസർ എന്നിവരുടെ പരിശീലന പരിപാടി നിർവഹിക്കുന്നത് 14 അങ്കണവാടി ട്രയിനിംഗ് സെന്ററുകളും രാജഗിരി കോളേജ് ഓഫ് സയൻസിന് കീഴിലുള്ള മിഡിൽ ലെവൽ ട്രയിനിംഗ് സെന്ററും മുഖേനയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. പരിശീലനങ്ങളുടേയും പരിശീലന കേന്ദ്രത്തിന്റേയും ആകെ ചെലവിന്റെ 90% കേന്ദ്ര സർക്കാരും 10% സംസ്ഥാന സർക്കാരും വഹിക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന 15 അങ്കണവാടി/മിഡിൽ ലെവൽ പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരുടെ 2015-16 വർഷത്തെ പ്രതിമാസ യോഗം നടത്തുന്നതിലേക്ക് ആവശ്യമായ 3 ലക്ഷം രൂപ 2235-02-102-98(P)-34(OC) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത തുക സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിക്കണമെന്ന നിബന്ധനയോടുകൂടി ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015-16 -സാമ്പത്തിക വർഷത്തിൽ എല്ലാ മാസവും അങ്കണവാടി പരിശീലന കേന്ദ്രങ്ങളിലെ പ്രൻസിപ്പൽ, അദ്ധ്യാപകർ എന്നിവരുടെ യോഗം ചേരുന്നതിന് ആവശ്യമായ 3 ലക്ഷം രൂപ (മൂന്നു ലക്ഷം രൂപ മാത്രം) സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിക്കണം എന്ന നിബന്ധനയോടെ 2235-02-102-98(P)-34(OC) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ